# നീരയ്ക്ക് അനുമതി നൽകണം: മന്ത്രിമാർക്ക് നാളികേര വികസന ബോർഡിന്റെ അഭ്യർഥന

■ ജെബി പോൾ

കൊച്ചി

നീര കള്ളല്ലെന്നും അതിനാൽ അബ്കാരി നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കണമെന്നും അഭ്യർഥിച്ച് നാളികേര വികസന ബോർഡ് മന്ത്രിമാർക്ക് കുറിപ്പയച്ചു.

മന്ത്രിസഭ പരിഗണിക്കുമ്പോൾ വിഷയത്തിന്റെ നിജസ്ഥിതി ബോധ്യപ്പെടുത്തുന്നതിന് എല്ലാ മന്ത്രിമാർക്കും വിശദാംശങ്ങൾ അടങ്ങിയ കുറിപ്പ് നൽകിയിട്ടുണ്ട്. കർഷക പക്ഷത്തു നിന്ന് അവർക്ക് സഹായകമായ നയം എടുക്കണമെന്നാണ് ബോർഡിന്റെ അഭ്യർഥന.

നീരയെപ്പറ്റി പഠനം നടത്താനായി നിയോഗിച്ച കമ്മിറ്റിയിൽപോലും കർഷകർക്ക് വേണ്ടത്ര പ്രാതിനിധ്യം കിട്ടിയില്ലെന്ന് കുറിപ്പിൽ പറയുന്നു. 29,465 ചെത്തുതൊഴിലാളികളുടെ പ്രതിനിധികളായി നാലുപേർ പത്തംഗ കമ്മിറ്റിയിലുണ്ടായപ്പോൾ 42 ലക്ഷം കേര കർഷകരുടെ പ്രതിനിധിയായി ഒരാൾ മാത്രമായിരുന്നു. ഇത് തികച്ചും വിവേചന പരമാണ്.

ആൽക്കഹോളിന്റെ അംശം ഒട്ടുമില്ലാത്ത സസ്യ പാനീയമാണ് നീര. നീരയെ കള്ളായി നിർവചിക്കുന്നത് യുക്തിരഹിതമാണ്. നീരയെ തെറ്റായി കള്ളിന്റെ നിർവചനത്തിൽ ഉൾപ്പെടുത്തിയതിലൂടെ നീര ലിക്കറിന്റെ നിർവചനത്തിലും വന്നുപെട്ടുവെന്ന കമ്മിറ്റിയുടെ കണ്ടെത്തൽ (സെക്ഷൻ 3-10) സത്യവിരുദ്ധമാണ്.

സെക്ഷൻ 3 (12) പ്രകാരം കൺട്രി ലിക്കർ എന്നാൽ കള്ളും ചാരായവുമാണ്, നീരയല്ല. നീരയിൽ ഫെർമന്റേഷൻ എന്ന പ്രക്രിയ നടത്തിയാണ് ആൽക്കഹോൾ ഉൽപാദിപ്പിക്കുന്നത്. നീരയെ അബ്കാരി നിയമപരിധിയിൽ നിന്ന് ഒഴിവാക്കിയാൽ പത്തുലക്ഷം പേർക്ക് പ്രയോജനം ലഭിക്കും.